**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3503** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസരംഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ, എയ്ഡഡ് കോളേജുകളിൽ എത്ര അദ്ധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ ഒന്നും തന്നെ സൃഷ്ടിച്ചിട്ടില്ല, എയ്ഡഡ് കോളേജുകളിൽ, എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിൽ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ ഒരു അദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | സ്റ്റാഫ് പാറ്റേൺ പ്രകാരം എയ്ഡഡ് കോളേജുളിൽ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ബി) | എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ 29.02.2016 – ലെ സർക്കാർ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിക്കുകയും തുടർന്ന് തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കോളേജുകളിലെ വർക്ക് ലോഡ് പ്രകാരമാണ് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെടുന്നത്. അപ്രകാരം എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക തസ്തികയുടെ ജോലിഭാരം കണക്കാക്കി ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ